**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5454** **15-03-2023 - ൽ മറുപടിയ്ക്ക്**

**പറവൂർ മണ്ഡലത്തിലെ ഓട്ടിസം പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പറവൂർ മണ്ഡലത്തിലെ ഓട്ടിസം പാർക്കിന്റെ പ്ലാൻ എസ്റ്റിമേറ്റ് മുതലായ മുഴുവൻ രേഖകളും സമർപ്പിച്ചിട്ടും നടപടികൾ ഉണ്ടാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ അടിയന്തര തുടർ നടപടി സ്വീകരിക്കുമോ? | (എ) | 2016-17 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി 50 ലക്ഷം രൂപ വിനിയോഗിച്ച് പറവൂർ മണ്ഡലത്തിലെ ഓട്ടിസം പാർക്ക് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുകയുണ്ടായി, എന്നാൽ ബജറ്റ് വിഹിതത്തിലുണ്ടായ കുറവ് കാരണം 37.5 ലക്ഷം രൂപയാണ് നിർവഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിന് നൽകിയത്. മുഴുവൻ തുകയും അനുവദിക്കാത്തതിനാൽ നിർമ്മാണം ആരംഭി ക്കുവാൻ സാധിച്ചില്ല. നിലവിലെ നിരക്കുകൾ പ്രകാരം 70 ലക്ഷം രൂപയെങ്കിലും വേണ്ടിവരും. ആയതിനാൽ പുതുക്കിയ ഭരണാനുമതി ക്കുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്ന തനുസരിച്ച് നടപടികൾ സ്വീകരിക്കു ന്നതാണ്. |

സെക്ഷൻ ഓഫീസർ